# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7247 — 11.07.2014-ൽ മറുപടിക്ക്**

## ബൈപാസ് റോഡുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം . ഉമ്മർ<br>,, കെ.എം.ഷാജി<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, പി.ബി.അബ്ദുൾ റസാക് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത കടന്നുപോകുന്ന പട്ടണങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈവരിച്ച നേട്ടം വിശദമാക്കുമോ ; | (എ) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീറ്ററിന്റെ നാലുവരിപ്പാതയായുള്ള നവീകരണം ദേശീയപാതാ വികസന അതോറിറ്റി 'സ്റ്റാൻഡ് എലോൺ' പ്രോജക്ടായി ഏറ്റെടുത്ത് ചെയ്യുവാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള 16.50 കി.മീ.ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടിയും പുരോഗമിച്ചു വരുന്നുണ്ട്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ 50 ശതമാനം കേന്ദ്ര സഹായത്തോടു കൂടി ഇ.പി.സി. വ്യവസ്ഥയിൽ പ്രവൃത്തി നടത്തുവാനുള്ള റീടെണ്ടർ ചെയ്തു കഴിഞ്ഞു. തൃപ്പൂണിത്തറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ലാന്റ് |

| | | | |
|---|---|---|---|
| | | | അക്വിസിഷൻ എസ്റ്റിമേറ്റും പ്രവൃത്തികളുടെ എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണത്തിന് 145.5 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി മാഹി പ്രദേശം ഒഴികെ ഇപ്പോൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ തയ്യാറാക്കാനായി നാറ്റ്പാക്കിനെ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) | എത്ര ബൈപാസ്സുകളുടെ പണികളാണ് ഇപ്പോൾ പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നതേയുള്ളൂ. |
| (സി) | പുതിയ പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ? | (സി) | ഉണ്ട്. കേരള സർക്കാരിന്റെ SPEEID പദ്ധതിയിൽ ഉൾപ്പെടുന്ന തലശ്ശേരി- മാഹി ബൈപ്പാസ്, തൃപ്പൂണിത്തുറ ബൈപ്പാസ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ